**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 184

18.06.2013-ലെ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, ഹൈബി ഈഡൻ<br>,, എം.എ.വാഹീദ്<br>,, വർക്കല കഹാർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ മേഖലയിലൂടെ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ പരമാവധി വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ഏറ്റവും സൗകര്യപ്രദമായ രീതിയിൽ വാങ്ങത്തക്കവിധത്തിൽ ലഭ്യമാക്കുക എന്നതാണ് ത്രിവേണി സ്റ്റോർ, നീതി സ്റ്റോർ, നന്മസ്റ്റോർ, സഞ്ചരിക്കുന്ന ത്രിവേണി, ഒഴുകുന്ന ത്രിവേണി എന്നീ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടാകാൻ സാധ്യതയുള്ള വിലക്കയറ്റം, |

കൃത്രിമ ക്ഷാമം എന്നിവ നിയന്ത്രിക്കുക എന്നതാണ് ഉത്സവകാല സബ്സിഡി മേളകളിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുവാൻ സ്വകാര്യവ്യക്തികളെ നിർബന്ധിതരാക്കുവാൻ ഇത്തരം നടപടികളിലൂടെ ഫലപ്രദമായി സാധിച്ചിട്ടുണ്ട്.

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(സി) കുറഞ്ഞ വിലയിൽ ഗുണമേൻമയുളള നിത്യോപയോഗ സാധനങ്ങൾ ഏറ്റവും സൗകര്യപ്രദമായ രീതിയിൽ ഉപഭോക്താക്കൾക്ക് എത്തിച്ചു കൊടുക്കുന്നു എന്നതാണ് പദ്ധതിയുടെ പ്രധാന ആകർഷണം. കൂടാതെ സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് സമയലാഭത്തിന്റെയും, യാത്രച്ചെലവ് ചുരുക്കലിന്റെയും ആനുകൂല്യവും ലഭിക്കുന്നുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൺസ്യൂമർഫെഡറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുകയും ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. 141 സഞ്ചരിക്കുന്ന ത്രിവേണികളും 7 ഫ്ലോട്ടിംഗ് ത്രിവേണികളും ആരംഭിച്ചിട്ടുണ്ട്. ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖാന്തിരവും നന്മ സ്റ്റോറുകൾ കൂടുതലായി ആരംഭിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ